2019
ഫെബ്രുവരി19

# ഉരുവൽ

ഇന്നത്തെ ചിന്താവിഷയം
ഒരുമ തന്നെ പെരുമ

published by little kites unit 2018-20 GV& HSS VATTIYOORKAVU

## എസ്. എസ്. എൽ . സി വാർത്തകൾ

### എസ് എസ് എൽ സി വിദ്യാർത്ഥികൾക്ക് അനുഗ്രഹം നൽകി

റിട്ടയേർഡ് ട്രെയിനിങ് കോളേജ് പ്രിൻസിപ്പാളും നമ്മുടെ വിദ്യാലയത്തിലെ പൂർവ അധ്യാപികയുമായ ശ്രീദേവി ടീച്ചർ കുട്ടികൾക്ക് മാജിക്‌പെൻ നൽകി അനുഗ്രഹിച്ചു. ഇതു കുട്ടികൾക്ക് പഠിക്കാനുള്ള പ്രചോദനമേകി.



### സൗഹൃദം 2002

എസ് എസ് എൽ സി 2002 ബാച്ചിന്റെ ആഭിമുഖ്യത്തിൽ സൗഹൃദം 2002 എന്ന പേരിൽ ഒരു സ്നേഹകൂട്ടായ്മ പത്താം ക്ളാസ്സിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചു . പ്രസ്തുത പരിപാടിയിൽ മോട്ടിവേഷൻ ക്ളാസ് , സ്നേഹവിരുന്ന് എന്നിവ ഉണ്ടായിരുന്നു.




### HIV/AIDS ബോധവൽക്കരണം

എഡ്സ് ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി മജിഷ്യൻ ഇന്ദ്രാ അജിത്തിന്റെ നേതൃത്വത്തിൽ മാജിക് ഷോ നടത്തുകയുണ്ടായി.



### പഠനോത്സവം -2019

2018 - 19 അധ്യയനവർഷത്തെ പഠനോത്സവം5/ 2/ 2019 നു സ്കൂൾ ആഡിറ്റോറിയത്തിൽവച്ച് I S R O പ്രൊജക്റ്റ് ഡയറക്ടർ ഡോ . അയ്യപ്പൻ. ജി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ബാലസാഹിത്യ അവാർഡ് ജേതാവ് ശ്രീ ചിന്മയൻ നായർ, വാർഡ് കൗൺസിലർ, പി ടി എ പ്രതിനിധികൾ അധ്യാപകർ, രക്ഷകർത്താക്കൾ തുടങ്ങിയവർ പങ്കെടുത്തു. കുട്ടികൾ ആർജിച്ച അക്കാദമിക മികവുകൾ വിവിധ പ്രവർത്തനങ്ങളിലൂടെ വേദിയിൽ അവതരിപ്പിച്ചു. അധ്യാപകർക്കും കുട്ടികൾക്കും ഇതൊരു നവ്യാനുഭവമായിരുന്നു.




### നേത്രപരിശോധന ക്യാമ്പ്

മെട്രോപോലിസ് ലയൺസ് ക്ലബ്ബിന്റെയും ചൈതന്യ ഹോസ്പിറ്റലിന്റെയും ആഭിമുഖ്യത്തിൽ നേത്രപരിശോധന ക്യാമ്പ് നടന്നു. അഞ്ചു മുതൽ പത്തു വരെയുള്ള വിദ്യാർത്ഥികളുടെ നേത്രപരിശോധന നടത്തുകയും വിദഗ്ദ്ധ പരിശോധനയും ചികിത്സയും ആവശ്യമായ വിദ്യാർത്ഥികൾക്ക് വേണ്ട നിർദ്ദേശം നൽകുകയും തുടർചികിത്സ ആവശ്യമായ വിദ്യാർത്ഥികൾക്ക് സൗജന്യ കണ്ണട നൽകാമെന്ന് ഉറപ്പു നൽകി.



## സ്വച്ഛ ഗൃഹ അവാർഡ്

അദാനി ഗ്രൂപ്പ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയ സ്വച്ഛ ഗൃഹ അവാർഡ് നമ്മുടെ വിദ്യാലയത്തിന് ലഭിച്ചു . മികച്ച ശുചിത്വ പ്രവർത്തനങ്ങൾക്കായി നൽകിയ ഈ അവാർഡ് വെള്ളയമ്പലം ബിഷപ്പ് ഹാളിൽ നടന്ന ചടങ്ങിൽ വച്ച് അവാർഡ് സമ്മാനിച്ചു.




## ഗ്രീൻ ആർമിയുടെ നേതൃത്വത്തിൽ ബോധവൽക്കരണം

**ആറ്റുകാൽ പൊങ്കാലയ്ക്ക് പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒഴിവാക്കുകയെന്ന ആശയം കുട്ടികളിലൂടെ അമ്മമാരിലെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ സ്കൂളിൽ ഗ്രീൻ ആർമിയുടെ നേതൃത്വത്തിൽ പ്രത്യേക അസംബ്ലി നടത്തി. കൗൺസിലറും ഗ്രീൻ ആർമി പ്രവർത്തകരും സംസാരിച്ചു.**



# സ്പോർട്സ് വാർത്തകൾ

## ഫുട്ബോൾ

**ജനുവരി19-ാംതീയതി ചാല ബോയ്സ് സ്കൂളിൽ വച്ച് ചൈൽ ലൈൻ നടത്തിയ ഫുട്ബോൾ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു**



## ഹോക്കി

**സബ് ജില്ലാ തലം മുതൽ സംസ്ഥാനതലം വരെ നമ്മുടെ സ്കൂളിലെ കുട്ടികളെ പങ്കെടു പ്പിക്കുകയും അതിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.**